# വികസനം ലിംഗനീതി ഉറപ്പുവരുത്തുന്നില്ല

ഗാർഗ്ഗി

**1.** ഇപ്പോൾ ഇവിടെ നടക്കുന്നത് മുതലാളിത്തരീതിയിലുള്ള വികസനമാണ്. പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒരു പാട് ഭൗതിക വസ്തുക്കൾ വാങ്ങുക എന്നതാണ് വികസനമായി പരിഗണിക്കുന്നത്. എല്ലാവർക്കും അങ്ങനെ വികസിക്കാൻ കഴിയും എന്നത് ഒരു തെറ്റായ അവതരണമാണ്. മുതലാളിത്ത ഉത്പന്നങ്ങൾ വാങ്ങിക്കൂട്ടുന്നതിന് ശേഷിയുണ്ടാവുക എന്നത് വികസനമായി പരിഗണിക്കാൻ കഴിയില്ല. ഓരോ നാടിനും ഓരോ ജനതയ്ക്കും വേണ്ടതെന്തെന്ന് മനസ്സിലാക്കി വികസനം നിശ്ചയിക്കുകയാണ് വേണ്ടത്. ഓരോ സാമൂഹ്യ വിഭാഗങ്ങൾക്കും വേണ്ടത് എന്താണ് എന്നതിനെക്കുറിച്ച് അവരുടേതായ സങ്കൽപ്പങ്ങളാണുള്ളത്. കത്വവയിൽ കൂട്ടബലാത്സംഗത്തിന് ഇരയായ അസിഫയെ സംബന്ധിച്ച് അവൾ ഒരു ജിപ്സി കമ്മ്യൂണിറ്റിയിൽ നിന്നുള്ളയാളാണ്. അവളുടെ ജീവിത പരിസരത്തിൽ നിന്ന് ആലോചിക്കുമ്പോൾ വികസന ആവശ്യം നമ്മൾ ഉദ്ദേശിക്കുന്ന കാര്യങ്ങളേ ആയിരിക്കില്ല. അതുപോലെ നമുക്ക് വിലയിരുത്താൻ കഴിയാത്ത അനേകം ജീവിതശൈലികളുണ്ട്. അതോരോന്നും വ്യത്യസ്തമായി തന്നെ പരിഗണിക്കാൻ കഴിയുന്ന വികസനമാണ് വരേണ്ടത്. ജാനുവിന്റെ ആത്മകഥയിൽ ജാനു പറയുന്ന ഒരു കാര്യമുണ്ട്. വയനാട്ടിലെ ആദിവാസി ഗ്രാമങ്ങളിലേക്ക് ആദ്യം വരുന്ന വികസനം റോഡ് ആയിരിക്കുമെന്ന്. പക്ഷെ റോഡ് വരുന്ന ആ സമയത്ത് ആദിവാസി കോളനികളിൽ ആർക്കും ഒരു സൈക്കിൾ പോലും ഉണ്ടായിരുന്നില്ല. പിന്നെ എന്തിനാണ് റോഡിന് മുഖ്യ പരിഗണന ലഭിക്കുന്നത്? അതാണ് വികസനത്തിന്റെ പ്രശ്നം. ഓരോ പ്രദേശത്തിനും അനുയോജ്യമായതെന്താണെന്ന് അത് നോക്കാറേയില്ല. കേന്ദ്രീകൃതമായി തീരുമാനങ്ങളുണ്ടാവുകയും ജനങ്ങളുടെ മുൻഗണനകൾക്ക് വികസന പ്രക്രിയയിൽ സ്ഥാനമില്ലാതിരിക്കുകയും ചെയ്യുന്നതാണ് ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം.

**2.** മനുഷ്യന്റെ ആവശ്യങ്ങൾ എന്ന സംഗതിയെ നിയന്ത്രിക്കുന്നതിന് വേണ്ടി വലിയൊരു സംവിധാനം തന്നെ പ്രവർത്തിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കണം. മുതലാളിത്തത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ച് മനുഷ്യാവശ്യങ്ങളും തീരുമാനിക്കപ്പെടുകയാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് ആവശ്യമില്ലാത്ത എത്രയോ വസ്തുക്കളാണ് നമ്മളറിയാതെ ആവശ്യമായി മാറുന്നത്. മുതലാളിത്ത വിപണിയെത്തന്നെ പ്രധാന പ്രശ്നമായി കണ്ടാൽ മാത്രമേ അതിൽ ഇടപെടാൻ കഴിയൂ. അഭിലാഷങ്ങൾ നിർമ്മിക്കുകയാണ് വിപണി ചെയ്യുന്നത്. ആവശ്യമാണോ അല്ലയോ എന്ന് ഒരാൾക്ക് തീരുമാനിക്കാനുള്ള സാഹചര്യം പോലും അതുകൊണ്ട് പല സമയത്തും ലഭിക്കുന്നില്ല. വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിനുള്ള പ്രാപ്തിയുണ്ടാവുകയാണ് വേണ്ടത്. ആ പ്രാപ്തി കാണിച്ചില്ലെങ്കിൽ മാർക്കറ്റിന് എല്ലാ കാര്യങ്ങൾക്കും വഴങ്ങിക്കൊടുക്കേണ്ടി വരും.

**3.** ലിംഗനീതി ഉറപ്പുവരുത്തുന്നതിൽ വികസനത്തിന് പങ്കുണ്ട് എന്ന് കരുതുന്നില്ല. മാർക്കറ്റാണ് വികസനത്തെ നിയന്ത്രിക്കുന്നത് എന്നതിനാൽ നീതി ഉറപ്പാക്കപ്പെടില്ല. ആർത്തവത്തിന്റെ കാര്യം എടുക്കാം. നാപ്കിനുകൾ ഉപയോഗിക്കുന്നതിന് മുമ്പ് ചോര എന്നത് അറപ്പുള്ള കാര്യമായിരുന്നില്ല. നാപ്കിൻ വിപണിയാണ് ചോരയെ അറപ്പുള്ള കാര്യമാക്കിയത്. ആർത്തവത്തോടുള്ള സമീപനത്തിൽ മാറ്റം വരുന്നതിന് ഇത് കാരണമായിട്ടുണ്ട്. പല സാമൂഹ്യ ആവശ്യങ്ങൾക്ക് വേണ്ടിയായിരിക്കാം പല സാധനങ്ങളും ഉണ്ടായിവരുന്നത്. പക്ഷെ അത് എപ്പോഴും ഉപയോഗിക്കപ്പെടുന്നത് മാർക്കറ്റിന്റെ താത്പര്യത്തിനനുസരിച്ചാണ്. സമൂഹത്തിൽ വരുന്ന എല്ലാ പുതിയ സംഗതികളെയും സ്വാംശീകരിക്കാനും കച്ചവടവസ്തുവാക്കി മാറ്റാനുമുള്ള പ്രവണത മുതലാളിത്തത്തിനുണ്ട്. അതാണ് സാനിറ്ററി നാപ്കിനുകളുടെ രൂപത്തിലും വരുന്നത്. മാർക്കറ്റിൽ നിന്നും മുക്തമായിട്ടുള്ള ഒരു വികസന കാഴ്ചപ്പാട് രൂപപ്പെട്ടുവന്നില്ലെങ്കിൽ ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പാക്കപ്പെടില്ല.

**(എഴുത്തുകാരി)**

# നിയന്ത്രിതമായ വിഭവ ഉപയോഗം ജീവിതശൈലിയാകണം

കെ.എം. ജയഹരി

**1.** വികസനം എന്നത് ഇന്നത്തെ സാഹചര്യത്തിൽ കൃത്യമായും സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ടു മാത്രം നോക്കിക്കാണുകയും കണക്കാക്കുകയും ചെയ്യുന്ന ഒന്നാണ്. നിരവധി ഘടകങ്ങളുടെ സമുച്ചയം എന്നതിൽ ഉപരിയായി അതിനെ കാണാൻ ഉള്ള initiatives അന്താരാഷ്ട്രതലത്തിൽ തന്നെ ആരംഭിച്ചിട്ടുണ്ട്. Sustainable Development Goals എന്ന ഈ സങ്കേതം ഇപ്പോൾ തന്നെ ഇന്ത്യ അടക്കമുള്ള ലോക രാജ്യങ്ങൾ പിന്തുടരാൻ ആരംഭിച്ചിട്ടുണ്ട്. 17 ഓളം Sustainable Development Goals വികസന സമുച്ചയത്തിന്റെ മിക്ക ഘടകങ്ങളെയും ഉൾക്കൊള്ളുന്നുണ്ട് എന്നതുകൊണ്ട് തന്നെ വികസന സമുച്ചയത്തിലെ ഘടകങ്ങളെ പറ്റി പ്രത്യേകിച്ച് പറയേണ്ടതുണ്ട് എന്ന് തോന്നുന്നില്ല. പക്ഷെ ഒരു രാജ്യം/ഭരണകൂടം/ജനത എന്ന രീതിയിൽ ഈ ലക്ഷ്യങ്ങളെ കൃത്യമായി എല്ലാ അർത്ഥത്തിലും നടപ്പിലാക്കാനുള്ള ആർജ്ജവവും ആത്മാർഥതയും ആണ് ഇല്ലാതെ പോകുന്നത്.

**2.** സുസ്ഥിര വിഭവ ഉപയോഗം (Sustainable Utilization of

Resources) അതിന്റെ പല ഭാവങ്ങളിൽ നാം ഒരു പരിഹാരമായി മുന്നോട്ടുവെക്കുന്നു എങ്കിലും, ഇതിന്റെ കൃത്യമായ നടപ്പാക്കൽ സാധ്യമാകുന്നില്ല. വിഭവങ്ങളുടെ ഉപയോഗത്തിന്റെ നിയന്ത്രണം എന്നത് കൃത്യമായ ഒരു ജീവിതശൈലി ആയി രൂപപ്പെടേണ്ടിയിരിക്കുന്നു. നിരന്തരമായ awareness creation അല്ലാതെ മറ്റൊരു പരിഹാരം സാധ്യമാണ് എന്ന് തോന്നുന്നില്ല.

**3.** Sustainable Development Goals (number 5 & 10) ഇതിനെ പറ്റി കൃത്യമായി പറയുന്നതുകൊണ്ടും. Sustainable Development Goals നെക്കുറിച്ചുള്ള അഭിപ്രായം നേരത്തെ പറഞ്ഞത് കൊണ്ടും ഈ ചോദ്യത്തിന് ഉത്തരം ആവശ്യമെന്നു തോന്നുന്നില്ല

**4.** ആഗോളവൽക്കരണത്തിനു മുമ്പുള്ള കാലഘട്ടത്തിൽ, തികച്ചും പ്രാധാന്യം ഉള്ള ഒന്നായിരുന്നു കേരള വികസന മാതൃക. വർഷം ഒന്നര ലക്ഷം കോടി വിദേശ പണം ഒഴുകി എത്തുന്ന ഇന്നത്തെ കേരളത്തിൽ കേരള വികസന മാതൃകയ്ക്ക് സാധ്യതയും പ്രാധാന്യവും ഉണ്ടോ എന്നത് സംശയമാണ്. പക്ഷെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ അടക്കമുള്ള ജനകീയ സംവിധാനങ്ങൾ ഇന്നും കേരള മുഖ്യധാരാജീവിതത്തിൽ സ്വാധീനം ചെലുത്തുന്നു എന്നത് കണക്കിലെടുക്കുമ്പോൾ തീർത്തും തള്ളിക്കളയാവുന്ന ഒന്നാണ് അതെന്നു തോന്നുന്നുമില്ല.

**5.** പ്രതിരോധ പ്രസ്ഥാനങ്ങൾ മാത്രമാണ് ഇന്ത്യയെ പോലുള്ള മൂന്നാലോക രാഷ്ട്രങ്ങളിലും വികസിത രാഷ്ട്രങ്ങളിലും ഒരുപോലെ തന്നെ ഇത്തരം മുന്നേറ്റങ്ങളെ നയിച്ചിട്ടുള്ളത്. സുസ്ഥിര വികസന ഗവേഷണങ്ങളിലേക്ക് നയിക്കുന്ന പ്രശ്നങ്ങൾ ഉയർത്തി കാട്ടുകയും ഭരണ കൂടങ്ങളെ ഇത്തരം മാതൃകകളിലെക്ക് മാറാൻ സമ്മർദ്ദം ചെലുത്തുകയും സിവിൽ സൊസൈറ്റിയിൽ സുസ്ഥിര വികസനശീലങ്ങളുടെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ഒക്കെ ചെയ്യുന്നത് അവരാണ്. പിന്നീട് അവ പ്രവർത്തനത്തിൽ എത്തുന്നു എന്ന് മാത്രം.

**(പരിസ്ഥിതി ശാസ്ത്രജ്ഞൻ)**

# വികസനം ചെറിയ ഘടകങ്ങളുടെ സാമ്പത്തിക വളർച്ച

ടെഡി. സി.എക്സ്

**1.** സാമ്പത്തിക വളർച്ച തന്നെയാണ് വികസനം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മനുഷ്യന്റെ ജീവിതനിലവാരത്തിൽ വരുന്ന ഉയർച്ചയെയാണ് വികസനമെന്ന വാക്കുകൊണ്ട് ഞാൻ വിവക്ഷിക്കുന്നത്. മനുഷ്യന്റെ എന്നു തന്നെ എടുത്തുപറയുകയാണ്. ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യക്ഷേമം എന്നിവയിലുള്ള പുരോഗതിയാണ് യഥാർത്ഥത്തിൽ വികസനം. ഏത് പ്രദേശമായാലും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുകയും കൃഷിയും തൊഴിലും യന്ത്രവത്കരിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും കൂടുകയും വാർത്താവിനിമയ സംവിധാനങ്ങൾ മെച്ചപ്പെടുകയും ചെയ്താൽ ആ പ്രദേശം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ വികസിതമാകും. മനുഷ്യന്റെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പാരിസ്ഥിതിക ഘടകങ്ങളെ അമിതമായി ഉപയോഗിക്കാതെ, അതതു പ്രദേശത്തിന് അനുകൂലമായ രീതിയിലാണ് പദ്ധതികൾ നടപ്പാക്കേണ്ടത്.

**2.** വിഭവങ്ങളുടെ ദൗർലഭ്യമല്ല, വിഭവങ്ങളുടെ അസന്തുലിതമായ, അല്ലെങ്കിൽ അന്യായമായ ഉപയോഗമാണ് പ്രശ്നം. വികസനമെന്നത് നഗരകേന്ദ്രീകൃതമാകുകയും ഗ്രാമങ്ങളെ അത് വെറും ഉപഭോഗകേന്ദ്രങ്ങളാക്കുകയും ചെയ്യുന്നു. വിഭവദൗർലഭ്യത്തെ കമ്പോളം തന്നെയാണ് നേരിടേണ്ടി വരുന്നത്. അങ്ങനെ വരുമ്പോൾ അത് മിക്കപ്പോഴും പരിസ്ഥിതിക്കും മനുഷ്യനും ഗുണകരമായി വരും എന്നതാണ് എന്റെ കാഴ്ചപ്പാട്. ആഗോളവത്ക്കരണം ഉണ്ടാക്കുന്ന അനാവശ്യ ചരക്കുത്പാദനം നിയന്ത്രിക്കലാണ് ഏക പ്രതിരോധ മാർഗം.

**3.** തീർച്ചയായും ഉണ്ട്. ഞാനതിന് സാക്ഷിയാണ്. എന്റെ നാട് എത്രയധികം യന്ത്രവത്ക്കരിക്കപ്പെടുന്നോ അത്രയും ദുർബല വിഭാഗങ്ങൾക്ക് സഹായകരമാണ്. സ്ത്രീകൾ, അധഃസ്ഥിതർ തുടങ്ങിയവർ തങ്ങളുടെ പരമ്പരാഗത തൊഴിൽ, ജീവിതരീതികൾ, ഭക്ഷണം എന്നിവയുടെ കെട്ടുപൊട്ടിക്കുമ്പോൾ ഒരു വിപ്ലവം സാധ്യമാകുകയാണ്. ആ അർത്ഥത്തിൽ ഫോണും, ഇരുചക്രവാഹനങ്ങളും ഉണ്ടാക്കിയ മാറ്റം അത്ഭുതകരമാണ്. കേരളം നല്ലൊരു മാതൃകയാണ്.

**4.** അങ്ങിനൊന്നും അവശേഷിക്കുന്നില്ല. സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകങ്ങളുടെ സാമ്പത്തിക വളർച്ചയാണ് ഞാൻ വികസനമായി കാണുന്നത്. അത് വലിയ ഘടകത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു തന്നെയാണ്.

**5.** സിവിൽസമൂഹവും പ്രതിരോധ പ്രസ്ഥാനങ്ങളും സോഷ്യലിസ്റ്റ് ആകുക എന്നതാകും വരേണ്യ വികസന മാതൃകയെ പ്രതിരോധിക്കാൻ നല്ലത്. സിവിൽ സമൂഹത്തിലേക്ക് ജൈവം, പാരമ്പര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു പകരം ശാസ്ത്രീയ ബോധത്തിനും ഏതാണ് ചുറ്റുപാടുകൾക്കും തങ്ങൾക്കും അനുകൂലം എന്ന ആത്മവിശ്വാസമുള്ള ചിന്തകൾക്കും പ്രചാരണം കൊടുക്കുക... പ്രതിരോധ സംഘങ്ങളെ എനിക്ക് ഭയമാണ്. കാരണം അവർ ഉയർന്നുവരുന്ന കീഴാളവിഭാഗങ്ങളുടെ വളർച്ചയേ തടയുക എന്ന സവർണ്ണ, വരേണ്യ അജണ്ടയുടെ പിണിയാളരായാണ് മിക്കയിടത്തും മാറുന്നത്.

തീർച്ചയായും പരിസ്ഥിതിയും മനുഷ്യരും അതിജീവിക്കും... വികസനമെന്ന വാക്കും അത് സംബന്ധിച്ച ആശങ്കകളും അസ്ഥാനത്താകും.. വലിയ യുദ്ധങ്ങളും മഹാമാരികളും കീഴടക്കിയില്ലെങ്കിൽ.... പരിസ്ഥിതിയെയും വികസനത്തെയും ആഗോളമായി തന്നെ സമീപിക്കണം.

**(കർഷകത്തൊഴിലാളി, അട്ടപ്പാടി)**